ADJOURNMENT MOTIONS.

MR. PRESIDENT : കുറെ അടിയന്തിരപ്രമേയങ്ങൾക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. ആദ്യത്തേത് മി. പൊന്നറ ശ്രീധറുടേതാണ്, അതിങ്ങനെയാണ്. —

"I beg leave to make a motion for an adjournment of the business of Assembly for the purpose of discussing a definite matter of urgent public importance, viz., the grave situation that has risen due to the discontent and in consequence the growing dissatisefation against the Government among the agriculturists of the Theroor, Marungoor, Kulasekharam and Cape Comorin pakuthies of Agastiswaram taluk because of the complete failure of the crops (the existence of the state of karivu) due to callousness of the P. W. D. authorities in not supplying sufficient water at right moment in spite of repeated requests from the agriculturists."

Has the Hon'ble Minister to speak anything relating to this?

MR. P. NANOO: സർ, ഒരു പോയിൻറ് ആഫ് ആർഡർ. റൂം ഫൻ അനുസരിച്ച് ഒരു സിറ്റിംഗിൽ ഒരു അടിയന്തിരപ്രമേയംമാത്രമേ ചർച്ചക്ക് എടുക്കാവൂ. ഈ സിറ്റിംഗിൽ ഒരു അടിയന്തിരപ്രമേയം അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് വേറെ അടിയന്തിരപ്രമേയങ്ങൾ അനുവദിക്കുവുന്നതാണോ എന്നറിഞ്ഞാൽ കൊള്ളാം.

MR. PRESIDENT : ഈ കാര്യത്തെപ്പറ്റിയായിരുന്നോ ആദ്യത്തെ അടിയന്തിരപ്രമേയവും ?

MR. P. NANOO : റൂം ഫൻ-ൽ ഇങ്ങനെയാണ് പറയുന്നത്, "The right to move the adjournment of the Assembly for the purpose of discussing a definite matter of urgent public importance shall be subject to the following restrictions namely, not more than one such motion shall be made at the same sitting".

അതനുസരിച്ച് ഇനിയും അടിയന്തിരപ്രമേയങ്ങൾ ചർച്ചക്കെടുക്കുവുന്നതാണോ എന്നാണറിയേണ്ടത്.

MR. PRESIDENT : ഒരു കാര്യത്തെപ്പറ്റി അല്ലെങ്കിൽ ഒരവസരവും അടിയന്തിരപ്രമേയങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

MR. P. NANOO : "Not more than one such motion shall be made at the same sitting". എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ സെഷൻ മുഴുവൻ ഒരു സിറ്റിംഗ് അല്ലേ ?

LIBRARY ARCHIVES Kerala Legislative Assembly

MR. G. CHANDRASEKHARA PILLAI : ഒരു കാര്യത്തെപ്പറ്റി ഒരു അടിയന്തിരപ്രമേയമേ എടുക്കാവൂ എന്നേ അതിനർത്ഥമുള്ളൂ.

MR. PRESIDENT : Has the Minister concerned to say anything on this matter ?

HON'BLE MR. V. O. MARKOS : ഈ അടിയന്തിരപ്രമേയത്തിന് എനിക്ക് നോട്ടീസ് കിട്ടിയിട്ടുണ്ട്. പക്ഷേ ഈ അടിയന്തിരപ്രമേയം ചർച്ചയ്ക്കെടുത്ത് വാദപ്രതിവാദം നടത്തുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നുള്ളതു വളരെ സംശയമുള്ള ഒരു കാര്യമാണ്. തേരൂർ, മരുങ്ങൂർ, കുലശേഖരം, കേപ്പ്കാമറിൻ എന്നീ പദ്ധതികളിൽ വെള്ളം ഇല്ലാത്തതുകൊണ്ട് കുറെ കരിവ് ഉണ്ടായിട്ടുണ്ടെന്നുള്ളതു വാസ്തവമാണ്. അവിടെ വെള്ളം കൊടുക്കുന്നതിനു സൗകര്യമുണ്ടാക്കാൻ ഗവണ്മെൻറിൽനിന്നും വേണ്ട പരിശ്രമങ്ങളെല്ലാം ചെയ്തിട്ടുണ്ട്. കഴിഞ്ഞ മൂന്നു മാസമായി മഴ ഇല്ലാത്തതുകൊണ്ട് പേച്ചിപ്പാറഅണക്കെട്ടിൽ വെള്ളം വളരെ കുറവാണെന്നുള്ളതു എല്ലാവർക്കും അറിവുള്ള ഒരു സംഗതിയാണ്. ചാനലിൻറെ tail end-ൽ എത്തുന്നതിന് മതിയാകുന്നിടത്തോളം വെള്ളം റിസർവായറിലില്ല. അതുകൊണ്ടാണ് റിസർവായറിലെ വെള്ളം അവിടെ ഇളിക്കാതെ വന്നിരിക്കുന്നതു്. എന്നാൽ അവിടത്തെ പ്രാദേശികമായ സൗകര്യങ്ങൾ വർദ്ധിപ്പിച്ചുകൊടുക്കുന്നതിനു ഗവണ്മെൻറിൽനിന്നും കഴിവുള്ളിടത്തോളം സൗകര്യങ്ങൾ ചെയ്തുകൊടുത്തിട്ടുണ്ട്. അതായതു് അവിടെ ഉള്ള കുളങ്ങൾ നന്നാക്കിക്കൊടുക്കുകയും കുളങ്ങളിൽനിന്ന് വെള്ളം പമ്പു ചെയ്യുന്നതിന് പമ്പുകൾ കൊടുക്കുകയും ചെയ്തിട്ടുണ്ട്. ഗവണ്മെൻറിന് കഴിവുള്ള എല്ലാ പരിശ്രമങ്ങളും അവിടെ ചെയ്തിട്ടുണ്ട്. ഭക്ഷ്യധാന്യങ്ങൾക്ക് ക്ഷാമമുള്ള കാലമായതുകൊണ്ട് ആ സ്ഥലത്തെ പ്രത്യേകജനങ്ങളോടൊപ്പംതന്നെ താല്പര്യം ഇക്കാര്യത്തിൽ ഗവണ്മെൻറിനുണ്ടെന്നു പറഞ്ഞുകൊള്ളട്ടെ.

MR. A. CHANDRABARANATHA NADAR : மூன்று பம்புகளுக்கு மேல் யாருக்கும் கொடுக்கப்படவில்லை என்பது மந்திரிக்குத் தெரியுமா ?

HON'BLE MR. V. O. MARKOS : പമ്പിൻറെ എണ്ണം നിശ്ചയമില്ല. പമ്പുള്ളതുപോലെയും ആവശ്യപ്പെട്ടതനുസരിച്ചും കൊടുത്തിട്ടുണ്ട്. ഗവണ്മെൻറിൻറെ കയ്യിൽ കുറെ പമ്പുകളുണ്ട്. അതുകൊണ്ട് ആവശ്യക്കാർക്ക് കൊടുത്തുവരുന്നുണ്ട്. നെല്ല് കൂടുതൽ വിളയിക്കുക എന്നു പറയുന്നതു് ഇന്നത്തെ പരിതഃസ്ഥിതികളിൽ അവിടെയുള്ള അളു

LIBRARY ARCHIVES Kerala Legislative Assembly

കളക്ടറായും ആവശ്യമില്ല; ഗവണ്മെന്റിന്റെയുംകൂടെ ആവശ്യമാണ്. അതു ശരിയായി മനസ്സിലാക്കിക്കൊണ്ടുതന്നെയാണ് ഗവണ്മെന്റ് പ്രവർത്തിച്ചുവരുന്നത്". "due to call usuess of the P. W. D. authorities in not supplying sufficient water at right moment". എന്നു പറയുന്നതു ശരിയല്ല. ആവശ്യത്തിനു വെള്ളം കൊടുക്കുന്നതിനു കഴിയുമെന്നു നിശ്ചയമായും പറയുകൊണ്ടുതന്നെയാണ് ചർച്ച നടന്നത്. പരീക്ഷണാർത്ഥം ഇല്ലാത്ത സ്ഥലങ്ങളിൽ വെള്ളം ഉണ്ടാക്കി കൊടുക്കാൻ എങ്ങിനെ സാധിക്കും.

MR. POYNARA G. SREEDHAR : പമ്പുകൾ നടത്തുന്നതു പൊതുജനങ്ങളല്ല, പൊതുജനങ്ങൾ നടത്തുന്നതു പമ്പുകളല്ല. ഈ രീതിയിൽ ബുദ്ധിമുട്ടുണ്ടാകുന്നതെന്തിനാണെന്നറിയാമോ?

HON'BLE MR V. O. MARKOS : അങ്ങനെ ഉള്ളതായി ഗവണ്മെന്റിന് അറിവില്ല. എന്നാൽ ഈ സംഗതി പറയാം. പൊതുജനം പമ്പിന്റെ ഡ്യൂട്ടി പാർട്ടുകളും കൂടെ കിട്ടുന്നതിന് കുറച്ചു പ്രയാസം ഉണ്ടാകുന്നുണ്ട്. അവ ലഭിക്കുന്നതിന് നിവൃത്തിയില്ലാത്ത വന്നപ്പോൾ അവ കൊടുക്കുന്നതിനും കുറച്ചു താമസം നേരിട്ടിട്ടുണ്ടെന്നല്ലാതെ പമ്പുകൾ ആവശ്യക്കാർക്ക് കൊടുക്കാതിരിക്കുന്നതായി അറിവില്ല. ഉള്ള പമ്പുകൾ ആവശ്യക്കാർക്ക് കഴിയുമ്മിടത്തോളം കൊടുക്കുന്നതിനു ഗവണ്മെന്റ് എടുപ്പുകൂടെ ചെയ്തിട്ടുണ്ട്. ലാൻഡ് റവന്യൂ ഉദ്യോഗസ്ഥന്മാരും പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാരും ഇതിൽ നിഷ്കർഷവച്ചു പ്രവർത്തിക്കുന്നുണ്ട്. അവിടെ കുറച്ചു കുറവു ഉണ്ടെന്നുള്ളതു പരമാർത്ഥംതന്നെ. പക്ഷേ അതു ഗവണ്മെന്റിന്റെയോ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെയോ തെറ്റുകുറവുകൊണ്ടല്ലെങ്കിൽ ഉദാസീനതകൊണ്ടു ഉണ്ടായിട്ടുള്ളതല്ല പെട്ടെന്നുണ്ടായിട്ടുള്ള ഒരു സംഭവമാണിതു്. ഗവണ്മെന്റിൽനിന്നും ഇനിയും വേണ്ട എല്ലാ നിഷ്കർഷകളും ചെയ്തു പമ്പിംഗ് സൗകര്യങ്ങളും മറ്റു സൗകര്യങ്ങളും ഉണ്ടാക്കിക്കൊടുക്കുന്നതിനു പരിശ്രമിക്കുന്നതാണ്. റിസർവ്വോയറിൽ ചെളിയുടെ താഴ്ചയായി കുറെ വെള്ളം കിടപ്പുണ്ട്. അതു പമ്പുചെയ്യാൻ സാധിക്കുമോ എന്നും എൻജിനീയർ പരിശോധിക്കുന്നുണ്ട്. റിസർവ്വോയറിന്റെ കപ്പാസിറ്റി ധർമ്മിപ്പിക്കാനും ആലോചനകൾ നടക്കുന്നുണ്ട്. ഇങ്ങനെ നോക്കുമ്പോൾ മഴ ഇല്ലാത്തതാണ് ഇതിനു കാരണമെന്നും അല്ലാതെ ഗവണ്മെന്റിന്റെയോ ഗവണ്മെന്റ് ഉദ്യോഗസ്ഥന്മാരുടെയോ അശ്രദ്ധയും ഉദാസീനതയും അല്ലെന്നും വ്യക്തമാണ്. ഇനിയും ഗവണ്മെന്റ് ഇക്കാര്യത്തിൽ വേണ്ട

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. V. O. Markos.]

വോട്ടം ശ്രദ്ധ പതിപ്പിക്കുമെന്ന് ഉറപ്പു നൽകുവാനും എനിക്കു വളരെ സന്തോഷമുണ്ട്. ഇതിൽ കൂടുതലായിട്ട് ഈ വിഷയത്തെപ്പറ്റി ഇവിടെ വാദപ്രതിവാദം ചെയ്യുകൊണ്ട് എന്തെങ്കിലും പ്രയോജനം ഉണ്ടാകുമെന്നു തോന്നുന്നില്ല.

MR. P. KUNJUKRISHNAN : ഇതിനു മുൻപ് അവിടെ കരിവ് ഉണ്ടായിട്ടുണ്ടോ ?

HON'BLE MR. V. O. MARKOS : ഉണ്ടായിട്ടുണ്ട്. ഏതു കൊല്ലത്തിലാണെന്ന് നിശ്ചയമില്ല.

MR. PRESIDENT : Is it a recent occurrence ?

HON'BLE MR. V. O. MARKOS : കഴിഞ്ഞ കുറേ ആഴ്ചകളായി ഉണ്ടായിട്ടുള്ളതാണ്. പെട്ടെന്നുണ്ടായതല്ല.

MR. PONNARA G. SREEDHAR : കരിവു ഒരു മിനിട്ടുകൊണ്ടുണ്ടാകുന്നതല്ല. ഇപ്പോഴും നിലം കൊയ്യാതെ കിടക്കുകയാണ്. കരിവു എഴുതിയതിനുശേഷമേ അവർക്കു നിലം കൊയ്യാൻ ഒക്കുകയുള്ളൂ.

HON'BLE MR. V. O. MARKOS : കുറെ ആഴ്ചകളായി കരിവു ഉണ്ടായിക്കൊണ്ടിരിക്കുന്നുവെന്നാണ് ഞാൻ പറഞ്ഞത്.

MR. PONNARA G. SREEDHAR : ഇപ്പോഴും കരിവുണ്ട്.

HON'BLE MR. V. O. MARKOS : അതേ, ഇപ്പോഴും ഉണ്ട്.

MR. PRESIDENT : Do you press the motion ?

MR. PONNARA G. SREEDHAR : I do not press.

MR. PRESIDENT : അടുത്ത അടിയന്തിരപ്രമേയവും മി. ശ്രീധരിന്റേതാണ്.

"I beg leave for an adjournment of this House for the purpose of discussing a definite matter of urgent public importance, namely, the grave situation that has arisen due to the discontent and the growing disaffection against the Government among the agriculturists of Thovala taluk because of the refusal of the authorities concerned to receive the paddy due to the Government after paying the price."

Is it a fact that the Government have not taken the paddy after paying the price ?

HON'BLE MR. V. O. MARKOS : It is not a fact. As a matter of fact, every effort is being made to procure as much paddy as can reasonably be procured from the people.

LIBRARY ARCHIVES Kerala Legislative Assembly